ഉത്തരം

(എ) 1984 ഒക്ടോബർ മുതൽ ഈ സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

(ബി, സി) വാഹന ദൗർലഭ്യം മൂലം അപൂർവ്വം ചില ദിവസങ്ങളിൽ ഈ സർവ്വീസ് മുടങ്ങിയിട്ടുണ്ട്.

കണ്ണൂർ–തേക്കടി, കന്യാകുമാരി–തേക്കടി ബസ് സർവ്വീസുകൾ

257 [571] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ–തേക്കടി, കന്യാകുമാരി–തേക്കടി എന്നീ ദീർഘ ദൂര ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. യുടെ വിഭവശേഷി വർദ്ധിച്ചാൽ മാത്രമേ കണ്ണൂർ തേക്കടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

കന്യാകുമാരി–തേക്കടി സർവ്വീസ് ഒരു അന്തർ സംസ്ഥാന സർവ്വീസ് ആകയാൽ തമിഴ്നാടുമായി പുതിയ കരാർ ഉണ്ടാക്കിയാലേ ഈ സർവ്വീസ് നടത്തുവാൻ സാധിക്കുകയുള്ളു.

പത്തനംതിട്ട തിരുവല്ല ഡിപ്പോകളിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ

258 [572] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ജൂലൈ മാസത്തിലും തുടർന്നും പത്തനംതിട്ട, തിരുവല്ല എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റു ചെയ്തുകൊണ്ടിരുന്ന ഷെഡ്യൂളുകൾ വല്ലതും നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഡിപ്പോയിലും എത്ര ഷെഡ്യൂളുകൾ, അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഷെഡ്യൂളുകൾ നിർത്തൽ ചെയ്യുന്നതുകൊണ്ട് യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ടും സർക്കാരിനു വമ്പിച്ച നഷ്ടവും ഉണ്ടാകുന്നുവെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഷെഡ്യൂളുകൾ വളരെ കുറച്ചു മാത്രമുള്ള ഈ രണ്ടു ഡിപ്പോകളിലേയും ഉള്ള സർവ്വീസുകളെങ്കിലും നിലനിർത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഈ ഡിപ്പോകളിലെ സർവ്വീസുകൾ കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ല.

തളിപ്പറമ്പ്–കുടിയാൻമല റൂട്ടിലെ ഷെഡ്യൂളുകൾ

259 [573] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ദേവൽകൃത റൂട്ടായ തളിപ്പറമ്പ്–കുടിയാൻമല റൂട്ടിൽ സ്ഥിരമായി പല ഷെഡ്യൂളുകൾ സർവ്വീസ് നടത്താറില്ലാത്തതിനാൽ പൊതു ജനങ്ങൾ വളരെയേറെ കഷ്ടപ്പെടുന്നുവെന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റൂട്ടിൽ എല്ലാ ഷെഡ്യൂളുകളും മുടങ്ങാതെ സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ദേവൽകൃത റൂട്ടായ തളിപ്പറമ്പ്——കുടിയാൻമല റൂട്ടിൽ ആവശ്യത്തിനുള്ള ബസ്സുകൾ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ ചില സർവ്വീസുകൾ ചിലപ്പോൾ റദ്ദാക്കപ്പെടേണ്ടി വരുന്നുണ്ട്.

(ബി) ഈ റൂട്ടിൽ നിശ്ചയിച്ചിട്ടുള്ള എല്ലാ സർവ്വീസുകളും കൃത്യമായി ഓടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വരുമാനം കുറഞ്ഞ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

260 [574] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം കുറവായതിൻെറ പേരിൽ കെ.എസ്.ആർ.ടി.സി ഏതെങ്കിലും ഷെഡ്യൂളുകൾ പുതിയതായി നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ഷെഡ്യൂളുകൾ;

(സി) കിലോമീറ്ററിന് എത്ര രൂപയിൽ കുറഞ്ഞ വരുമാനമുള്ള ഷെഡ്യൂളുകളാണ് റദ്ദാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇവയിൽ അന്തർ സംസ്ഥാന ഷെഡ്യൂളുകൾ ഉൾപ്പെടുന്നുണ്ടോ;

(ഇ) എങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) തിട്ടപ്പെടുത്തിയിട്ടില്ല.

(സി) കിലോ മീറ്ററിന് 3 രൂപ 50 പൈസായിൽ കുറവായി വരുമാനമുള്ള ഷെഡ്യൂളുകളാണ് റദ്ദാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly